(ബി ആന്റ് സി) പൊതുവിതരണം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി റിംവാംപ്ഡ് പബ്ലിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം 1997 വരെ നിലനിന്നിരുന്നു. ഇതനുസരിച്ച് ട്രൈബൽ മേഖലയിലെ കാർഡുടമകൾക്ക് 0.50 രൂപ വിലകുറച്ച് അരി വിതരണം ചെയ്തിരുന്നു. 1-6-1997 മുതൽ റ്റാർജറ്റഡ് പബ്ലിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം നിലവിൽ വന്നു. ഇതനുസരിച്ച് കേന്ദ്ര ഗവൺമെന്റ് 15.54 ലക്ഷം കുടുംബങ്ങളെ 'ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ലിസ്റ്റിൽ കണക്കാക്കി കുറഞ്ഞ വിലയ്ക്ക് ബി. പി. എൽ. നിരക്കിൽ അരി നൽകി വരുന്നു. തുടർന്ന് 2001 മുതൽ അന്ത്യോദയ അന്നയോജന പദ്ധതി നിലവിൽ വന്നു. ഇതനുസരിച്ച് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരിൽനിന്നും കൂടുതൽ പാവപ്പെട്ട ആളുകളെ തെരഞ്ഞെടുത്ത് കിലോയ്ക്ക് 3 രൂപ നിരക്കിൽ പ്രതിമാസം 35 കിലോഗ്രാം അരി വീതം അനുവദിച്ചു നൽകിവരുന്നു. ഈ പദ്ധതിയുടെ ഗുണഭോക്താക്കളായി ഇപ്പോൾ 471800 കുടുംബങ്ങളെ തെരഞ്ഞെടുത്തിട്ടുണ്ട്. കൂടാതെ 2001-ൽതന്നെ കേന്ദ്ര സർക്കാരിന്റെ അന്നപൂർണ്ണ പദ്ധതി നിലവിൽ വന്നു. കേന്ദ്ര അഗതി പെൻഷന് അർഹതയുള്ളവരും എന്നാൽ പെൻഷൻ ലഭിക്കാത്തവരുമായ 65 വയസ്സിനുമേൽ പ്രായമുള്ള വ്യക്തികൾക്ക് ഈ പദ്ധതി പ്രകാരം പ്രതിമാസം 10 കിലോഗ്രാം അരി സൗജന്യമായി നൽകിവരുന്നു. ഇതിനാവശ്യമായ ഫണ്ട് വർഷംതോറും കേന്ദ്ര സർക്കാർ അനുവദിച്ചു തരുന്നു. 44980 ആളുകളാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ.

കേന്ദ്രസർക്കാർ വിവിധ പദ്ധതികൾ പ്രകാരമുള്ള സബ്സിഡിക്കു പുറമേ സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് സമ്പ്രദായം നിലനിറുത്തുന്നതിനായി എ. പി. എൽ. വിഭാഗങ്ങൾക്ക് പ്രതിമാസം 35 കിലോ അരിയും ഗോതമ്പും കേന്ദ്ര സർക്കാർ വാങ്ങുന്ന വിലയേക്കാൾ കുറഞ്ഞ നിരക്കിൽ പൊതുവിതരണ ശൃംഖല വഴി വിതരണം ചെയ്യുന്നു.

1997 മുതൽ വിവിധ പദ്ധതികൾ പ്രകാരം കേന്ദ്രം അനുവദിക്കുന്ന അരിയുടേയും ഗോതമ്പിന്റേയും കണക്ക് അനുബന്ധം ഒന്നായും 1997 മുതൽ നിലവിലുള്ള ഭക്ഷ്യ സാധനങ്ങളുടെ വില അനുബന്ധം 2 ആയും 2001 മുതൽ അന്നപൂർണ്ണ പദ്ധതി പ്രകാരം കേന്ദ്രം അനുവദിക്കുന്ന ഫണ്ടിന്റെ വിവരങ്ങൾ അനുബന്ധം 3 † ആയും ചേർത്തിട്ടുണ്ട്.

ഹോട്ടലുകളിൽ വില നിയന്ത്രിക്കാൻ നടപടി

72 [1969] ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഹോട്ടലുകളിൽ ഭക്ഷണസാധനങ്ങൾക്ക് അമിത വില ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് നിയന്ത്രിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ ;

(സി) ഇപ്രകാരം അമിതവില ഈടാക്കുന്ന ഹോട്ടൽ ഉടമകൾക്കെതിരെ നടപടി സ്വീകരിക്കുമോ ;

(ഡി) ഭക്ഷ്യസാധനങ്ങൾക്ക് ഹോട്ടലുകളിൽ ഈടാക്കുന്ന വിലനിലവാരം പ്രസിദ്ധീകരിക്കുന്നതിന് നടപടി കൈക്കൊള്ളുമോ ?

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇല്ല.

(ബി ആന്റ് സി) ബാധകമല്ല.

(ഡി) ഭക്ഷ്യസാധനങ്ങൾക്ക് ഹോട്ടലുകളിൽ വിലവിവരം പ്രസിദ്ധീകരിക്കുന്നതിന് നിലവിൽ വ്യവസ്ഥയുണ്ട്.

വാഹനങ്ങൾക്ക് ഇന്ധനമായി ഉപയോഗിക്കുന്ന പാചക വാതകം

73 [1970] ശ്രീമതി രാധാരാഘവൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീമതി മേഴ്സി രവി :
ശ്രീ. എം. എ. വാഹിദ് :
ശ്രീമതി ശോഭനാ ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗാർഹികാവശ്യത്തിനുള്ള പാചകവാതകം വാഹനങ്ങൾക്ക് ഇന്ധനമായി ഉപയോഗിക്കുന്നുണ്ടോ ;

(ബി) ഗാർഹികാവശ്യത്തിനുള്ള പാചകവാതകത്തിന്റെ വിലയെന്താണ്;

(സി) വാഹനത്തിൽ ഇന്ധനമായി നൽകുന്ന വാതകത്തിന്റെ വിലയെന്താണ് ;

(ഡി) വാഹനങ്ങളിൽ ഇന്ധനമായി ഉപയോഗിക്കുന്ന വാതകത്തിന് സബ്സിഡി നൽകുന്നുണ്ടോ; എങ്കിൽ എത്ര ;

(ഇ) പാചക വാതകത്തിനുള്ള സബ്സിഡി എത്രയാണ് ;

(എഫ്) പാചക വാതകം ഇന്ധനവാതകമായി മാറ്റുമ്പോൾ ടാക്സിനത്തിൽ സംസ്ഥാന സർക്കാരിനും സബ്സിഡിയിനത്തിൽ കേന്ദ്രത്തിനും എന്തു തുക നഷ്ടമുണ്ടാകും ?

ഉത്തരം

(എ) ഗാർഹികാവശ്യത്തിനുള്ള പാചക വാതകം വാഹനങ്ങൾക്ക് ഇന്ധനമായി ഉപയോഗിക്കുന്നതായുള്ള റിപ്പോർട്ടുകൾ ലഭിക്കുകയും ചില കേസുകളിൽ ഗാർഹികാവശ്യത്തിനുള്ള സിലിണ്ടറുകൾ മോട്ടോർ വാഹനങ്ങളിൽ നിന്ന് പിടിച്ചെടുക്കുകയും ചെയ്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഗാർഹികാവശ്യത്തിനുള്ള പാചക വാതകത്തിന് തിരുവനന്തപുരം മേഖലയിൽ സിലിണ്ടറിന് 303.77 രൂപയാണ്. മറ്റു മേഖലകളിൽ വിലയിൽ ചെറിയ വ്യത്യാസങ്ങൾ ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly